ടൂറിങ് ടാക്കീസ്

വി. മുസഫർ അഹമ്മദ്

ട്രറിങ് ട്രാക്കീസ്
V. Muzafer Ahamed
(Malayalam: Short story)

© 2020, V. Muzafer Ahamed

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: A Storm in the Rocky Mountains, Mt. Rosalie, a painting by Albert Bierstadt (1830–1902). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ടൂറിങ് ടാക്കീസ്

ഏറെവർഷങ്ങളായി വിദൂര ഗ്രാമങ്ങളിൽ സിനിമകൾ പ്രദർശിപ്പിക്കുന്ന ജോലിയാണെനിക്ക്. ഒരിക്കൽ ആളുകൾ തിങ്ങിക്കൂടിയിരുന്ന എന്റെ പ്രദർശനത്തിന് ഇപ്പോൾ ഒട്ടും തിരക്കില്ല. ടി. വിയും കാസറ്റും സി. ഡിയുമൊക്കെ വ്യാപകമായതുകൊണ്ടാകാം. സിനിമാ ടാക്കീസുകളും തീയേറ്ററുകളും കല്യാണ മണ്ഡപങ്ങളായി മാറുന്ന ഇക്കാലത്ത് ഇങ്ങനെ സംഭവിക്കുന്നതിൽ അതിശയിക്കാനില്ല. ടൂറിങ് ടാക്കീസ് എന്നാണ് സ്വന്തം ഉമസ്ഥതയിലുള്ള എന്റെ ഈ സ്ഥാപനത്തിന്റെ പേര്. 16 എം. എം. പ്രൊജക്ടർ, സൗണ്ട് ബോക്സ്, 16 എം. എം. സിനിമാ പ്രിന്റുകൾ, സ്പൂളുകൾ, തുണികൊണ്ടുള്ള മടക്കിവെക്കാവുന്ന സ്ക്രീൻ, കറുപ്പ് പ്ലാസ്റ്റിക് കവർ, സ്ക്രീൻ വലിച്ചു കെട്ടാൻ മരക്കമ്പുകൾ, നാട്ടാൻ കുഴിയെടുക്കാൻ സഹായകമാവുന്ന കമ്പിപ്പാര, മടക്കിവെക്കാൻ പറ്റുന്ന ടൂറിങ് ടാക്കീസ് എന്നെഴുതിയ തുണി ബോർഡ്, പ്രൊജക്ടർ റിപ്പയറിനുള്ള ചെറിയ ടൂൾ കിറ്റ്, മൂന്ന ജോഡി വസ്ത്രങ്ങളും ഒരു സ്പെയർ ചെരിപ്പ് സെറ്റും, വിരിപ്പും പുതപ്പും പല്ല് തേപ്പിനും കുളിക്കുമുള്ള അവശ്യവസ്തുക്കളും. ഇത്രയും സാധനങ്ങൾ രണ്ടു പെട്ടികളിലാക്കിയാണ് സ്ഥിരമായി സിനിമകളുമായി പുറപ്പെടുക. ഭക്ഷണം സ്വന്തമായി ഉണ്ടാക്കാറില്ല. അതിനാൽ പാത്രങ്ങൾ കരുതാറുമില്ല. ചെല്ലുന്ന നാട്ടിലെ കിട്ടുന്ന ഭക്ഷണം കഴിക്കും. അതിൽ ഇതുവരേയും വിഷമം തോന്നിയിട്ടില്ല.

സിനിമ കാണാൻ ജനങ്ങൾ ദാഹിച്ച് കഴിയുന്ന ഗ്രാമങ്ങളെക്കുറിച്ചും അങ്ങിനെയുള്ള സ്ഥലങ്ങളിലെ മനുഷ്യരുടെ അഭിരുചികളെക്കുറിച്ചുമൊക്കെ വിശദമായി പറഞ്ഞു തരുന്നത് സിനിമാ പ്രിന്റുകൾ വാടകക്ക് തരുന്ന സ്ഥാപനത്തിലെ ജോലിക്കാരാണ്. അവർ പറയുന്നത് ശരിയാണെന്ന് ഓരോ സ്ഥലത്ത് പോകുമ്പോഴും തെളിഞ്ഞിട്ടുണ്ട്. സിനിമകളുമായി പുറപ്പെട്ടാൽ തിരിച്ചെത്തുന്നത് മാസങ്ങൾ കഴിഞ്ഞാണ്. ഒരു ഗ്രാമത്തിൽ നിന്ന് അടുത്തതിലേക്ക്, പിന്നെ അടുത്തതിലേക്ക്—അങ്ങിനെ പോകാറാണ് പതിവ്. ബസിൽ, തീവണ്ടിയിൽ, കാള വണ്ടിയിൽ, ചുമടെടുത്ത് നടന്ന് അങ്ങനെയാണ് സിനിമകളും വഹിച്ചുള്ള എന്റെ യാത്ര. റോഡുകളില്ലാത്ത നൂറു കണക്കിന ഗ്രാമങ്ങളിൽ പോയിട്ടുണ്ട്. അങ്ങിനെയുള്ള ഗ്രാമങ്ങളിൽ കഴിയുന്ന ആയിരക്കണക്കിന മനുഷ്യർ റോഡുകളും വാഹനങ്ങളും കണ്ടത് ഞാൻ പ്രദർശിപ്പിച്ച സിനിമകളിൽ നിന്നായിരുന്നുവെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. സത്യത്തേക്കാൾ സത്യം എന്ന് ഒരു സിനിമയിൽ നായകൻ പറയുന്നത് പോലെ ഞാനിപ്പറഞ്ഞത് സത്യത്തേക്കാൾ സത്യമാണ്.

ഒരിക്കൽ മാസങ്ങൾ നീണ്ട സിനിമാപ്രദർശനം കഴിഞ്ഞ് പട്ടണത്തിൽ നിന്ന് പുതിയ സിനിമകളെടുക്കാൻ വന്നപ്പോൾ എന്റെ പെട്ടികളുടെ പുറത്ത് ടൂറിങ് ടാക്കീസ് എന്നെഴുതിയത് കണ്ട പഠിപ്പുള്ള ഒരാൾ പറഞ്ഞു, ഇത് തിരുത്തണം, ടോക്കീസ് എന്നാണ് വേണ്ടതെന്ന്. സംസാരിക്കുന്ന സിനിമകളെയാണ് ടോക്കീസ് എന്ന പറയുന്നതെന്നും അയാൾ കൂട്ടിച്ചേർത്തു. അയാൾ പറഞ്ഞത് ഭാഷാപരമായി ശരിയായിരിക്കാം. പക്ഷേ, ഞാൻ പെട്ടിപ്പുറത്തും തുണി ബോർഡിലുമുള്ള ടാക്കീസ് ടാക്കീസ് തന്നെയായി നില നിർത്തി.

ടൂറിങ് ടാക്കീസ് എന്നത് എനിക്ക് വിശ്വാസ പ്രമാണം പോലെയാണ്. അതങ്ങനെ ആര് തിരുത്താൻ ശ്രമിച്ചാലും മാറ്റാൻ കരുതിയിട്ടില്ല.

കട്ടിക്കാലത്ത് ധർമസ്ഥാപനത്തിലാണ് ഞാൻ വളർന്നത്. അപ്പനും അമ്മയും ആരാണെന്നറിയില്ല. പള്ളിപ്പെരുന്നാളിന് വന്ന ബാലെ ട്രൂപ്പുകാർക്കൊപ്പം ഓടിപ്പോയി. പിന്നെ അവരുടെ കൂട്ടത്തിൽ നിന്ന് തെറ്റി. തെണ്ടി നടന്നു. രാത്രിയിൽ കിടന്നുറങ്ങാൻ പകൽ കണ്ടുവെച്ച മൈതാനത്ത് രാത്രി സിനിമ പ്രദർശിപ്പിക്കുന്നത് കണ്ടു. സിനിമ കണ്ടുകണ്ട് അവിടെത്തന്നെ കിടന്നുറങ്ങി. രാവിലെ ഉണർന്നപ്പോൾ സിനിമ കാണിച്ചയാളും അവിടെ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അയാളാണ് എന്റെ ഗുരു. കുറേ നാൾ അയാളുടെ സഹായിയായിരുന്നു. പിന്നെ ഒറ്റക്ക് ഈ ജോലി ചെയ്യാമെന്നായപ്പോൾ ടൂറിങ് ടാക്കീസ് തുടങ്ങി. അല്ലറ ചില്ലറ സമ്പാദ്യം കൊണ്ടാണ് തുടക്കം. ഇപ്പോൾ സിനിമാ പ്രിന്റുകൾ ഒഴിച്ചുള്ളതെല്ലാം സ്വന്തമാണ്. വിവാഹം കഴിച്ചിട്ടില്ല. ഓരോ സ്ഥലത്തു ചെല്ലുമ്പോഴും ഒരുത്തിയിൽ കമ്പം തോന്നും. കുറച്ചു ദിവസം സിനിമയിൽ കാണും പോലെ പാത്തും പതുങ്ങിയുമൊക്കെ നടന്ന നോക്കും. അതവസാനം ശരിയാകില്ല. അങ്ങിനെ അങ്ങിനെയായി. വിവാഹം കഴിക്കാത്തതിനാൽ വീടില്ല, മക്കളില്ല, ഉത്തരവാദിത്തങ്ങളില്ല. എങ്ങിനേയും കഴിയാം—ഇക്കാരണത്താൽ തന്നെ സമ്പാദ്യവുമില്ല. കിട്ടുന്ന കാശു കൊണ്ട് അല്ലലില്ലാതെ ജീവിക്കും.

സ്കൂൾ ഹാളുകളിൽ, പള്ളി അങ്കണങ്ങളിൽ, പന്തു കളി മൈതാനങ്ങളിൽ, വലിയ തോട്ടങ്ങളിലെ ഒഴിഞ്ഞ ഇടങ്ങളിൽ, വലിയ വീടുകളുടെ മുറ്റങ്ങളിൽ എന്നിങ്ങനെ 20-ാം നൂറ്റാണ്ടിന്റെ മഹത്തായ കലയെ പ്രചരിപ്പിച്ചും അതിൽ നിന്ന് അല്പം വരുമാനമുണ്ടാക്കിയും ഞാൻ കഴിഞ്ഞു പോവുകയാണ്. നൂറ്റാണ്ട് 21-ൽ എത്തിയിട്ടും ഇപ്പോഴും മഹത്തായ കല സിനിമ തന്നെയാണെന്നാണ് വിവരമുള്ളവർ പറയുന്നത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ഏറ്റവും പ്രിയ കണക്കെ തിയിയിൽ തീയേറ്ററുകളിൽ പോയി സിനിമ കണ്ട് ആനന്ദിക്കുമ്പോഴും അതിന് അവസരം കിട്ടാതെ വലയുന്ന വിദൂരഗ്രാമങ്ങളിലാണ് സിനിമകളുമായി പോവുക. ഞാൻ ചെല്ലുന്നതിന് മുമ്പ് സിനിമകളെ കണ്ടിട്ടില്ലാത്ത ജനക്കൂട്ടമെത്ര അവർക്ക് പരിചിതമാകുന്ന ഭാഷയിലുള്ള ചിത്രങ്ങൾ കാണിച്ച് ആനന്ദിപ്പിക്കും. മിക്കവാറും ഇംഗ്ലീഷ് ആക്ഷൻ സിനിമകളും എന്റെ ചിത്രങ്ങളുടെ പ്രദർശിപ്പിക്കും. വ്യാപകമായ വിലിയ പ്രദർശനം ശരിയായി ആയില്ലിനിടാൽ. ഇംഗ്ലീഷ് ഭാഷയിലുള്ള ചിത്രങ്ങൾ ഭാഷ മനസ്സിലായില്ലെങ്കിലും ജനങ്ങൾ ശ്വാസമടക്കിപ്പിടിച്ചിരിക്കും. ഞാനാകട്ടെ ഈ ചിത്രങ്ങൾ ഇടയ്ക്കിടെ നോക്കും പ്രദർശനത്തിന്റെ ഭാഗമായി തുറന്ന തരുന്ന വേണം കണ്ട കഴിഞ്ഞതായിരിക്കും. അവരിൽ പലർക്കും സിനിമ കാണുന്നതിനേക്കാൾ ഏറെ അതിലെ ഒരോ രംഗവും ചോദിക്കുന്നവരാണ്. നാട്ടുകാർക്ക് സിനിമ കാണലാണ് ഉത്സവം. ഞാൻ ഇത് കൊണ്ടാണ് ഒരു കാലത്തും ഇവരെ സിനിമ കാണിക്കാതെ പോയിട്ടില്ല.

റാന്തൽവിളക്കിന്റെ വെളിച്ചത്തിൽ സിനിമകാണുന്നത്. ബാറ്ററിപ്പാർട്ടർ ഉപയോഗിച്ച് വൈദ്യുതിയുണ്ടാക്കുന്ന ജനറേറ്ററിന്റെ സഹായത്തോടെയാണ് പ്രൊജക്ടർ പ്രവർത്തിപ്പിക്കുക. എണ്ണ ഒഴിച്ചാൽ ഓടുന്ന ജനറേറ്റർ ഉപയോഗിച്ചാണ് ഞാൻ വൈദ്യുതി ഉണ്ടാക്കുന്നത്. ചിലയിടങ്ങളിൽ കൃഷിക്കളങ്ങളിലേക്ക് വെള്ളം അടിക്കാൻ ഉപയോഗിച്ചിരുന്ന പ്രാകൃത ജനറേറ്ററുകളിൽ നിന്നാണ് വൈദ്യുതി സംഘടിപ്പിക്കുക. കാൽ നൂറ്റാണ്ട് മുമ്പ് ഒരു ഗ്രാമത്തിൽ കാറ്റുകൊണ്ടും വെള്ളം കൊണ്ടും വൈദ്യുതിയുണ്ടാക്കുന്ന ഗ്രാമീണനെ ഞാൻ കണ്ടിട്ടുണ്ട്. സിനിമാപ്രദർശനത്തിനുവേണ്ടി അവരന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് തന്നത് എനിക്കിന്നും നല്ല ഓർമയുണ്ട്.

ഗ്രാമങ്ങളിലെ പ്രദർശനത്തിനിടക്ക് വൈദ്യുതി ഇടക്കിടെ വിച്ഛേദിക്കപ്പെടും. ഇത് പ്രതീക്ഷിക്കുന്ന ഗ്രാമീണർ കയ്യിൽ കരുതിയ മണ്ണെണ്ണ വിളക്കുകളോ മെഴുകുതിരികളോ തെളിക്കും. മണിക്കൂറുകളോളം വൈദ്യുതി വരാതെ പ്രദർശനം മുടങ്ങിയിട്ടുണ്ട്. ഇങ്ങിനെയുള്ള ഇടവേളകളിൽ ഗ്രാമീണർ തെളിക്കുന്ന അവരെ വെട്ടത്ത് സിനിമയുടെ ബാക്കി കഥയും കഥാപാത്രം ഞാൻ ഒറ്റക്ക് അഭിനയിച്ച് കാണിച്ചിട്ടുണ്ട്. സിനിമയുടെ ക്ലൈമാക്സിലാകുമ്പോൾ മിക്കപ്പോഴും വൈദ്യുതി പണിമുടക്കുന്നത്. സിനിമയുടേത് ആയാലും ഭാഷയായതിനാൽ ജനങ്ങൾക്ക് ഞാൻ കാണിക്കുന്ന സിനിമയിലെ കാര്യങ്ങൾ മനസ്സിലാകാറുണ്ടോ ന്ന് തോന്നുന്നു. അതു കൊണ്ട് വൈദ്യുതി മുടങ്ങിയാൽ ജനങ്ങൾ അശാന്തരാവും. ഞാൻ ചെന്നെത്തിയിട്ടുള്ള ഗ്രാമങ്ങളിലൊക്കെ എല്ലാം മനസ്സിലായി എന്ന മട്ടിൽ തല്ലിപ്പി പിരിമുറുക്കം ഘടിപ്പിച്ച് നിൽക്കുന്ന ചിലരെ കാണാറുണ്ട്. അവരോട് സിനിമയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ ഉടഞ്ഞിരിക്കും ഒരു, അതേ ആഴത്തിൽ നൂറുകണക്കിന് ആളുകൾ അറിയാം എന്ന മട്ടിലായിരിക്കും പ്രതികരണം. ചെയ്യുന്ന പ്രവർത്തികളും ഇത്തരക്കാരുടെ കാണുന്നതിൽ മൊത്തം ഒന്നുമില്ല. അപൂർവ്വമായ ചില മനുഷ്യർ കാണാനും ഉണ്ടാകാറുണ്ട്. അദ്ധ്യാപകരായിരിക്കും ഇവരിൽ ഭൂരിഭാഗവും. അങ്ങോട്ട് എന്തെങ്കിലും പറഞ്ഞ കൊടുക്കാം എന്ന് കരുതിയാൽ നടക്കില്ല. എല്ലാം ഇങ്ങോട്ട് പറഞ്ഞു തരും. ഒരു ലെഫ്റ്റ് റൈറ്റ് മട്ട്.

പല തരം നാട്ടുകളിൽ സിനിമകളുമായി പോയിട്ടുണ്ട്. മോഷ്ടാക്കൾ മാത്രം താമസിക്കുന്ന ഗ്രാമത്തിൽ (മോഷണ ശ്രമത്തിൽ മരിച്ചിട്ടുള്ള പൂർവ്വികന്റെ ദിവസം ആഘോഷിക്കാൻ ആ ഗ്രാമക്കാർ എന്നെ വിളിച്ചു വരുത്തിയതായിരുന്നു), ക ള്ളൻമാർ വസിക്കുന്ന ഗ്രാമത്തിൽ (കള്ളൻ രാജകൊട്ടാരത്തിൽ കയറി മോഷ്ടിച്ച് രാജ്ഞിയെ വിവാഹം കഴിക്കുന്ന ചിത്രമായിരുന്നു അവിടെ കാണിച്ചത്), രാത്രി ഷിഫ്റ്റിൽ മാത്രം ജോലി ചെയ്യുന്നവരുടെ ഗ്രാമത്തിൽ, അവിവാഹിതകളായ സ്ത്രീകൾ മാത്രം താമസിക്കുന്ന പുഴക്കരയിലെ ഗ്രാമത്തിൽ (ഇവിടെ പുരുഷൻമാർ മാത്രം അഭിനയിക്കുന്ന സിനിമ യാണ് പ്രദർശിപ്പിച്ചത്), അംഗ വൈകല്യം വന്ന സൈനികരുടെ പാർപ്പ് കേന്ദ്രത്തിൽ, ഇടയ്ക്ക് കാലിൽ മാത്രം വിരലുകളുള്ളവരുടെ ഗ്രാമത്തിൽ, സ്ത്രീകൾക്ക് കഷണ്ടിയുള്ള ഗ്രാമത്തിൽ, ആളുകൾക്ക് പൂച്ചയെപ്പോലെ ഇരുണ്ട കണ്ണുകളും വാതം വന്ന ഗ്രാമത്തിൽ (അരോഗ ദൃഢഗാത്രൻ അഭിനയിക്കുന്ന സിനിമ കാണിച്ചു) ഞാനവരെ വിളിക്കുന്ന ഗ്രാമത്തിൽ, കുടവയറന്മാർ താമസിക്കുന്ന ഗ്രാമത്തിൽ, ക്രിക്കറ്റ് കളിയാരാധകരുടെ ഗ്രാമത്തിൽ, ചുരുങ്ങിയ കാലം മാത്രം ആയുസ്സുള്ളവരുടെ ഗ്രാമത്തിൽ, വെടിമരുന്നു ഗ്രാമം, ഖനിയിൽ പണിയെടുക്കുന്നവരുടെ ഗ്രാമത്തിൽ, മരിച്ചുപോയവരുടെ ഗ്രാമത്തിൽ തുടങ്ങി വിചിത്രങ്ങളായ നൂറു ഗ്രാമങ്ങൾ. ഇവിടെയൊന്നും ഞാൻ സിനിമ കാണിക്കാതെ പോയിട്ടില്ല. കല്ലറ പെട്ടിയിൽ പണി (മഴക്കാർ ഷൈനിങ് ഹോക്കികൾ മഴ പെയ്യുന്ന ഞങ്ങൾ ഉപയോഗിച്ച ചെറിയ പൊലിഷ്), മഞ്ഞു പെയ്യുന്ന (മഴയും മഞ്ഞും പെയ്യുന്നിടത്ത് ഗ്രാമീണർ ഒരുമിച്ച് കൂട്ടിയെല്ലാം പട്ടണത്തിൽ പോയിരിക്കും), ശവപ്പെട്ടിയുടെ പണി (പ്രേതബാധ ഭയക്കുന്നവരുടെ മുന്നിൽ സിനിമാ പ്രദർശനം), രാത്രിയും പകലുമില്ലാത്ത, പൂക്കൾ മാത്രം വിടരുന്ന (കായ്കനികളില്ലാത്ത), നാൽക്കാലികൾ പാട്ടുപാടുന്ന, കിണറുകളില്ലാത്ത, എല്ലായിടത്തും ഉറവുകൾ പൊടിഞ്ഞുകൊണ്ടേയിരിക്കുന്ന—അതെ, നിങ്ങൾ വിശ്വസിക്കില്ലായിരിക്കാം. ഇങ്ങനെയുള്ള വിചിത്രമെന്ന് കരുതുന്ന യാഥാർത്ഥ്യങ്ങളിലുള്ള പല സ്ഥലങ്ങളുണ്ട്. അവിടെയൊക്കെ പോയിട്ടുണ്ട്. സിനിമകൾ കാണ്ടുള്ള യാത്രകൾ എന്നെ സമ്പന്നമാക്കിയിട്ടുണ്ട്.

നാട്ടുകൾ കണ്ടു കണ്ടാണ് പോയ്ക്ക. പേരാളികൾ ജീവിതയോ മനുഷ്യർ മലമ്പുള്ളകൾ, കാട്ടുഗ്രാമങ്ങൾ, കോട്ടുകൾ, യുദ്ധങ്ങൾ നടന്ന യുദ്ധങ്ങൾ, രക്തസാക്ഷി സ്തൂപങ്ങൾ, വിമോചനം നായകരെ വെടിത്തെളിയ കിണറുകൾ, അനശ്വര പ്രണയ കഥയിലെ നായികാനായകൻമാരുടെ നാടുകൾ, സ്വന്തം വീടുകൾ ഉണ്ടാക്കുന്നവരുടെ ലാവൻഡർ നാട്, ഉപ്പുണ്ടാക്കുന്നവരുടെ സ്ഥലം, പ്രശസ്ത കവി തന്റെ കാവ്യം രചിച്ച നാട്ടിൻപുറം, എന്നിങ്ങനെ ഉദാഹരണങ്ങൾ ഏറെയുണ്ട്. അവിടെയൊക്കെ സഞ്ചരിച്ച് വലിയ പുഴയിൽ ഇട്ട ഓടങ്ങളും ചില സ്ഥലങ്ങൾ കണ്ടു. രാജ്യാതിർത്തിയിലെ പുഴ വിടെയും കടന്നു കൊണ്ടിരിക്കുന്ന ഒരു ചെറു ദ്വീപിൽ പാർക്കുന്നവരുടെ ഇടയിൽ വൈദ്യുതി നൽകാൻ കഴിഞ്ഞ ഒരവസരം തീർത്ത ഓർമയായുണ്ട്. അപരിചിത മനുഷ്യനുമായി ദേശത്തു വൈദ്യുതി ലഭ്യമാക്കിയ കൂടാരം സ്ഥാപിച്ചതിലൂടെ പേരില്ലാത്ത, ശാന്തരായ മനുഷ്യൻ സ്വാഗതം പറയുന്നവർ. എന്നെ പോലുള്ള ഒരാളെ മലയാളികളോട് മാത്രമല്ല അവർക്കും പരിചയമായിരിക്കുമ്പോഴാണ് ഞാൻ അവരോടൊപ്പം ഒന്നിച്ചു സിനിമ കണ്ടിട്ടുള്ളത്. ഏത് ചരിത്രത്തിലെ മധ്യകാലത്ത് ആരോ ചിന്തിച്ചെടുക്കുന്നതിനിടയിൽ ഞാനവരുടെ പേര് ചോദിച്ചതു. അവർ പറഞ്ഞ കഥയിലും പേരുകളിലും അന്യത്ര സംഭവവും കണ്ട് ഞാൻ വളരെ സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സിനിമയുടെ സ്ഥാപനത്തിലൂടെ നടന്ന് ആ ഗ്രാമത്തിൽ രാഷ്ട്രീയ പ്രവാസികളായി കഴിയുന്ന ഈ ന്യായാധിപൻ, രാഷ്ട്രീയ പ്രവാസികളായി കഴിയുന്ന അനേകം കവികൾ—ഇങ്ങിനെയുള്ള സവിശേഷ ഗണത്തിൽ പെട്ട മനുഷ്യരെയും കണ്ടിട്ടുണ്ട്. സിനിമ പ്രദർശിപ്പിക്കാനവസരമായി നാൽ സിനിമാ കഥ പോലെയാണ് ഞാൻ പടച്ചുവരാക്കുകയായിരിക്കുമെന്ന് നിങ്ങൾ കരുതും. അങ്ങിനെയല്ല. ഇപ്പറഞ്ഞതെല്ലാം സത്യം, സത്യത്തേക്കാൾ സത്യം.

മറ്റൊന്ന കൂടി പറയാനുണ്ട്. ഞാൻ പോയ പല നാട്ടുകളിലും എന്റെ നാട്ടുകാരും ഭാഷക്കാരുമുണ്ട്. കണ്ടാൽ വേഗം തിരിച്ചറിയും. എന്നെയും അവർ എളുപ്പത്തിൽ തിരിച്ചറിയുന്നതു കൊണ്ടാകാം, കണ്ടാൽ ഉടനെ ഓടാതെ കടന്ന കളയും. എന്തിനെങ്കിലും സഹായം ചോദിച്ചാലോ എന്ന കരുതിയാവാം. ഞാൻ പുതുതായി ഒരു നാട്ടിലെത്തിയാൽ സിനിമകളുമായി എത്തിയതറിയുന്നത് ആളുകൾ കൂടുന്ന കവലയിൽ പ്രൊജക്ടർ കത്തി ഉപയോഗിക്കാറുന്ന കൈയിൽ അനൗൺസ് ചെയ്യും. അതോടെ പലരും വന്ന പരിചയപ്പെടും. ഭാഷ ഇക്കാര്യത്തിൽ വലിയ തടസ്സമാകാറില്ല. ആംഗ്യം കാണിച്ചാണ് കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താറ്. ഗ്രാമമുഖ്യനെ പരിചയപ്പെട്ട വന്ന കാര്യം പറഞ്ഞാൽ പിന്നെ എല്ലാ വീട്ടുകളിലും കയറിയിറങ്ങാൻ അനുമതി കിട്ടും. സിനിമ കാര്യം പറഞ്ഞ് എല്ലാ വീട്ടിലും കയറും. ചെറിയ ഇട പിരിക്കലും ചെയ്യും. പണം തന്ന വരെല്ലാം സിനിമ കാണാൻ വരും. പണം തരാത്തവരുമുണ്ടാകും. ഇത്തരക്കാരാണ് സ്ക്രീൻ കെട്ടിത്തരാനും പ്രൊജക്ടർ ഉള്ളി നടക്കാനുമൊക്കെ സഹായിക്കുന്ന യി എത്തുക. പണം തരാത്തവരെ സഹായികളാക്കാം എന്നതിനാൽ ഞാൻ ഇല്ലെങ്കിലും ബഹളത്തിന് പോകാറില്ല. പണം തന്നവർ സിനിമ കാണുന്നവരുടെ ഉള്ളിൽ സുരക്ഷിതമായ ബോധമുണ്ടാകും. പ്രൊജക്ടറിലൂടെ ഞാൻ ചില ദിവസം വെളിച്ചത്തിൽ മനോഹരമായി നിന്ന പ്രാണ്ടുതിയെന്നും സിനിമ എല്ലാവർക്കും കാണാവുന്ന നിരവധി തവണ കണ്ടിട്ടുണ്ട്. കാശു തരാതെ സിനിമ കാണുന്നവർ എന്നെ പിടിക്കല്ലേ എന്ന മട്ടിൽ ഇരിക്കുന്നതും. ഈന്ന മൈതാനങ്ങളിലും മറ്റും പ്രദർശനമാകുമ്പോൾ എല്ലാവരും വന്ന് ഇരിക്കും. പണം തന്നവർ, തരാത്തവർ എന്നിങ്ങനെ വേർതിരിക്കാൻ അത്തരം സന്ദർഭങ്ങളിൽ ബുദ്ധിമുട്ടായിരിക്കും. എന്നാലും പ്രദർശനത്തിനിടക്ക് പണം തരാത്തവർ സംസാരിക്കുന്നതെന്ന ദൂരെ നിന്ന് ഇവിടെയെത്താൻ ചിലവാക്കുന്നെന്ന് എന്റ് അനൗൺസ് ചെയ്യുമ്പോൾ ചിലരൊക്കെ കാശു തരാറുണ്ട്. നിരവധി ചിത്രങ്ങളുമായി ഊതി ചുറ്റുമ്പോൾ ഒരു ഗ്രാമത്തിൽ ചിലപ്പോൾ മാസങ്ങൾ തങ്ങും. പണം, സിനിമ എന്നീ വാക്കുകൾ എന്റെ ഭാഷയിൽ പറഞ്ഞാലും ജനങ്ങൾക്ക് മനസ്സിലാകും എന്നതാണ് സവിശേഷമായ കാര്യം.

ചില ചിത്രങ്ങൾ വീണ്ടും കാണിക്കണമെന്നാവശ്യപ്പെട്ട് ആളുകൾ വരും. അങ്ങിനെ എളുയോ സ്ഥലങ്ങളിൽ പ്ര ദർശനം ആവർത്തിച്ചിട്ടുണ്ട്. പിന്നെ ഒരു കാര്യമുണ്ട്, കുടുംബ സമേതം കാണാവുന്ന ചിത്രങ്ങൾ മാത്രമേ ഞാൻ പ്രദർശിപ്പിക്കാറുള്ളൂ.

പറഞ്ഞു വന്നത് എന്റെ നാട്ടുകാരും ഭാഷക്കാരുമായവരെക്കുറിച്ചാണ്. ഇവരാരും എന്നെപ്പോലെ ഉപയോഗിച്ചു. ഒരു നാട്ടിൽ നിന്ന് ആ നാട്ടുകാരെന്ന് ഇവർ സങ്ങൾക്കുന്നില്ല. എന്നിയെ സ്ഥലത്ത് ഉറച്ചു നിന്നു ജോലി ചെയ്യു സമ്പാദിക്കന്നു, നാട്ടിൽ നിന്നോ ജീവിക്കുന്ന സ്ഥലങ്ങളിൽ നിന്നോ വിവാഹം ചെയ്യുന്നു, കുട്ടികളുണ്ടാകുന്നു, വീടു വെക്കുന്നു—അങ്ങിനെ വന്ന നാട്ടിലെ ഭാഷക്കാരായി മാറുന്നു. ഇതുയും നാടുകളിലൂടെ സഞ്ചരിച്ചിട്ടും ഒരുക്കോടും എനിക്ക് മാതൃഭാഷ മാത്രമേ സംസാരിക്കാൻ കഴിയൂ. മറ്റെല്ലാ ഭാഷകളിലും തട്ടിമുട്ടി ഉപയോഗങ്ങൾ മാത്രം. ജീവിക്കാൻ അതു മതിയെന്ന് കഴിഞ്ഞ കാലത്തെ എന്റെ ജീവിതം തന്നെ തെളിയിക്കുന്നു. തട്ടിമുട്ടി എന്ന പ്രയോഗവും എന്റെ ജോലിയും ചെയ്യുമെന്ന പ്രശ്നപ്പണ്ണി എന്റെ നാട്ടുകാരുടെ/ഭാഷക്കാരുടെ പ്രത്യേകതയാണ്. സിനിമകളുമായി ചുറ്റി നടക്കുന്നതിനിടയിൽ രാജ്യം എത്ര മാറി?

ഭരണാധികാരികൾ, വലിയ അക്ഷരങ്ങളിൽ ചിലപ്പോൾ എന്റെ ഗ്രാമത്തിലെ അറിയിപ്പ് നിർമ്മിക്കുന്നില്ല. ഇക്കാലത്തിനുള്ളിൽ ഭരണാധികാരികൾ എന്തൊക്കെ ഭരണ പരിഷ്ക്കാരങ്ങൾ എന്നെ ആശ്ചര്യപ്പെടുത്തി. ഇതെല്ലാം അപ്പോഴത്തെ ഉത്സവ സംഭവങ്ങളായി മാത്രം കാണാൻ തോന്നിയത്. രാജ്യാതിർത്തിയിലെ ഗ്രാമങ്ങളിൽ എന്നും പ്രശ്നങ്ങളാണ്. വെടിയുണ്ടകളും ഷെല്ലുകളും വന്ന വീഴും. അതിനാൽ ജനങ്ങൾ വീടിനടിയിൽ പ്രത്യേകം മാളങ്ങൾ കരുതിയിരിക്കും. ആരെങ്കിലും കൊല്ലപ്പെടും. ചിലരൊക്കെ അന്യമായ ആയുധങ്ങളിലും തീർഥാടനത്തിന്റെ നിർത്തലിലും അധികാരിയുടെ പദ്ധതികളിലും പ്രതിഷേധിക്കും. എന്റെ പ്രദർശനങ്ങൾ അത്തരം സ്ഥലങ്ങളിലാണെന്ന് ഞാൻ പറഞ്ഞാൽ ആ പ്രദേശത്ത് ക്ഷാമമാണെന്ന് മനസ്സിലാക്കണം. ഏഷ്യ ഭൂഖണ്ഡത്തിലെ മലമ്പ്രദേശങ്ങളിലേക്കു പോകാറില്ല. ഇവിടെയും ആയിരിക്കും ആ പ്രദേശം ക്ഷാമത്തിന്റെ പിടിയിലായത്.

ഒരിക്കൽ ഒരു സംഭവമുണ്ടായി. ഒരിടത്ത് അഗ്നി പർവ്വതം പൊട്ടിയൊലിക്കുകയാണ്. ആളുകളെല്ലാം നാടു വിട്ട് പോയി. ഞാൻ ഇതറിഞ്ഞ ജീവിക്കാനാ ആ നാട്ടിൽ സിനിമ കാണിച്ച കാര്യങ്ങൾ കഴിയാം എന്ന് ആ നാട്ടിൽ ഞാൻ ഇങ്ങനെ യാത്രയിലാണ്. വഴിക്കറിഞ്ഞാണ് വിവരം അറിയുന്നത്. സിനിമാപ്രദർശനം അഗ്നിപർവ്വതം ഇതേ വഴിയിലൂടെ ജനങ്ങൾ സഹായം വഹിച്ചുകൊണ്ട് വീണ്ടും പുകയുന്ന നാട്ടിലേക്കു തന്നെ വരുന്നു. ചാരത്തിന്റെ മലയിൽ അപ്പോഴും തീ കത്തുന്നുണ്ടായിരുന്നു. ഒരു ഗ്രാമത്തിൽ പോയത് ഒരിക്കലും മനസ്സിൽ നിന്നും മാഞ്ഞ പോകില്ല. അവിടെ ഞാൻ സിനിമ കാണിച്ചപ്പോൾ ആളുകൾ സന്തോഷത്തോടെ ചിരിക്കുന്നതു കണ്ടു. ഞാൻ അവിടെ ഏറെ സിനിമാ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവം ആയിരുന്നു അത്. ആദ്യ ഷോ കഴിഞ്ഞ് രണ്ടാം ഷോയ്ക്ക് കാത്തിരുന്ന ജനങ്ങൾ അതിനിടയിൽ ഭക്ഷണം കഴിക്കാൻ പോയി. വീണ്ടും സിനിമ പ്രദർശിപ്പിച്ചു. ഇക്കഥ ഇങ്ങനെ ഒരാളും കേട്ടിട്ടുണ്ടാകില്ല. എന്നാൽ ഇതു പോലെയുള്ള ഗ്രാമത്തിന്റെ ഏറ്റവും സുന്ദരമായ ദൃശ്യം അവിടെ ഉയർന്നു. എന്നെ പിന്നീട് എന്ന് അവിടെ ഉപജീവിക്കാൻ തുടങ്ങിയ ഒരു പത്തു ഗ്രാമീണനും വിളിച്ചു. ആ പ്രദേശം ഇപ്പോൾ പുനർനിർമിക്കപ്പെട്ടു. 12 വർഷത്തിന ശേഷമാണ് ഗ്രാമീണർ ഓർമിപ്പിച്ചു കൊണ്ട് ഞാൻ സിനിമ പ്രദർശിപ്പിച്ചിട്ടുള്ളത്. ഇടക്ക് അഗ്നി പർവ്വതം പൊട്ടലോ ഭയപ്പെടുത്തിയെന്നെ ഇതിനിടെ അഗ്നിപർവ്വതം ഇന്നും തണുത്തിട്ടില്ലെന്ന് കേട്ടു. ഇതിനിടെ 12 വർഷത്തിന ശേഷമാണ് ഗ്രാമീണർ ഓർമിപ്പിച്ചു ദൈവ്യം പകർന്ന കൊണ്ടിരുന്നു. ഭൂകമ്പമുണ്ടായ ഒരു ഗ്രാമം പുനർനിർമിക്കുന്നതിനിടയിലും അവിടെ ഞാൻ സിനിമ പ്രദർശിപ്പിച്ചിട്ടുണ്ട്. എല്ലാം നഷ്ടപ്പെട്ടവർ കൂട്ടിട്ട അവശിഷ്ടങ്ങൾക്കിടയിലും മൺകട്ടകൾക്കിടയിലും ഇരുന്നാണ് സിനിമ കണ്ടത്. അവരിൽ നിന്ന് പണം ഈടാക്കാൻ എനിക്ക് ധൈര്യമുണ്ടായിരുന്നില്ല. സിനിമയിലെ ചില ഹാസ്യരംഗങ്ങൾ കണ്ട് അവർ ചിരിക്കും, പെട്ടെന്ന് ഇരിക്കുന്നത് തകർന്ന സ്വന്തം വീടിന്റെ അവശിഷ്ടത്തിലാണെന്ന് കണ്ട് തേങ്ങി കരയും. ഒരു സിനിമയിലും പകർത്തിയിട്ടില്ലാത്ത ആ രംഗങ്ങൾ പ്രൊജക്ടർ വെളിച്ചത്തിൽ കണ്ട് ഞാൻ തേങ്ങിയിട്ടുണ്ട്. ഇതൊരെണ്ണമേ നേരിട്ട് കാണാനാകൂ ചരിത്രത്തിൽ പറയുന്ന പല കാര്യങ്ങളും സിനിമയാകാതെ പോയതും എന്നെ തോന്നിയിട്ടുണ്ട്. ചരിത്രം ഒരു വിലയ സിനിമയായിരിക്കാം അല്ലേ?. അതോ സിനിമ തന്നെയാണോ ചരിത്രം.

പ്രധാനപ്പെട്ട സംഗതി ഇനിയും നിങ്ങളോട് ഞാൻ പറഞ്ഞില്ലല്ലോ. ഒരിക്കൽ രാജ്യാതിർത്തിയിലുള്ള ഗ്രാമത്തിൽ സിനിമ പ്രദർശനവുമായി എത്തി. അതിർത്തി ഗ്രാമങ്ങളിൽ ഞാൻ അധികം പോകാറില്ലെന്ന് മുമ്പ് പറഞ്ഞിരുന്നല്ലോ. വഴി തെറ്റിയാണ് ഞാനവിടെ എത്തിയത്. യഥാർഥത്തിൽ എന്റെ ലക്ഷ്യം മറ്റൊരു സ്ഥലമായിരുന്നു. ഈ സ്ഥലത്തിനും ഞാൻ ലക്ഷ്യം വെച്ച സ്ഥലത്തിനും പേരിൽ സാമ്യമുണ്ട്. രണ്ടു സ്ഥലങ്ങളും ഒരേ സ്റ്റേറ്റിലാണ്. പ്രധാന പാത വഴിതെറ്റി തിരിയുന്ന ഒരു വിഭൂതവരെയാണ് ഞാൻ ആ വഴി പോകേണ്ടിയിരുന്നില്ലായിരുന്നു. മെമ്പർമാറിൽ ഒരു പതിനൊന്നിൽ ഇടയ്ക്കിടെ വിളിച്ചുകൊണ്ട് പാത വഴിയാണ് ഞാൻ അങ്ങോട്ട് യാത്ര തിരിച്ചത്. ഇടയ്ക്കൊന്നു തിരിയുന്ന പാതയിലൂടെ യാത്ര ചെയ്യുന്നതിനാണ് എനിക്ക് വഴി തെറ്റിയത്.

ഒരു പഴഞ്ചൻ ലോറിയിലാണ് ഞാൻ ഇവിടെയെത്തിയത്. രാത്രിയിൽ അന്ധമായുള്ള ഡ്രൈവർ എന്നെ ഈ ഗ്രാമത്തിന്റെ അങ്ങാടിയിൽ ഉപേക്ഷിച്ച് പോവുകയും ചെയ്തു. തേടം പുലരും വരെ ഒരു പീടികക്കോലായയിൽ കഴിഞ്ഞു. പുലർന്നപ്പോഴാണ് എനിക്ക് സ്ഥലം തെറ്റിയെന്ന് മനസ്സിലാകുന്നത്. തലങ്ങും വിലങ്ങും പട്ടാള വണ്ടികൾ ചീറിപ്പായുന്നു. വഴിയിൽ ഇടക്കിടെ കാണുന്ന മനുഷ്യരൊന്നും ചിരിക്കുന്നില്ല. അങ്ങാടിയിൽ ഒരു ചായക്കടയും മറ്റ് ചില കടകളുമുണ്ട്. കടക്കാരെയും സംസ്കാരം കാട്ടുന്നില്ല. ഇങ്ങനെയൊരു നാട്ടിൽ ഇതിന് മുമ്പ് വന്നിട്ടില്ല. ചായക്കടക്കാരൻ പോലും ലോഹ്യം കാണിക്കുന്നില്ല. റോഡിലൂടെ നടക്കുന്നവർ പിറകോട്ടും ആകാശത്തേക്കും ഇടക്കിടെ നോക്കിയാണ് നടക്കുന്നത്.

ഇവിടെയെന്താണ് ഇങ്ങിനെ എന്ന് ചായക്കടക്കാരനോട് ചോദിച്ചു. അപരിചിതനെപ്പോലെ അതിൽ സൈന്യം പിടിച്ച കൊണ്ടു പോകം, ജീവൻ വേണമെങ്കിൽ തടിയെടുത്തോ എന്നായി അയാൾ. ഞാൻ ഇക്കാലത്തിനിടയിൽ ഇങ്ങിനെയൊരു ചായക്കടക്കാരനെക്കണ്ടില്ല. ചായക്കടക്കാർ വഴി കാട്ടികളും മാർഗ്ഗനിർദ്ദേശകരും സുഹൃത്തുക്കളുമൊക്കെയായിട്ടാണ് എന്നും അനുഭവപ്പെട്ടിട്ടുള്ളത്. രണ്ടാമത്തെ ചായയ്ക്ക് ഓർഡർ കൊടുത്തപ്പോൾ അയാളൊന്ന് തണുത്തു. യുദ്ധം തൽക്കാലം അവസാനിച്ച എന്നെ പറയാൻ പറ്റില്ല. എപ്പോൾ വേണമെങ്കിലും വീണ്ടും പൊട്ടിപ്പുറപ്പെടാം. ഇവിടെയുണ്ടായിരുന്ന നാട്ടുകാരിൽ വലിയൊരു പങ്ക് മരിച്ചിരിക്കണം. കറച്ച് പേർ നാട്ടുവിട്ട്. എവിടെയും പോകാനില്ലാത്ത എന്നെപ്പോലെയുള്ളവർ ഇവിടെ ഇങ്ങനെ കഴിയുകയാണ്. ശത്രു സൈന്യവും ആക്രമിക്കും, ചാരനെന്ന പറഞ്ഞ് നമ്മുടെ സൈന്യവും ആക്രമിക്കും. പോരാത്തതിന് ഇവിടെ തീവ്രവാദികളുമുണ്ട്. അവർ ശത്രു സൈന്യത്തിന്റെ ആളാണെന്ന് ഒറ്റിക്കൊടുക്കുന്നവരുണ്ടെന്ന പറയുന്നു. സ്വന്തം എന്താണെന്ന് റിയില്ല. പട്ടാളക്കാർ എപ്പോഴും പിരിമുറുക്കത്തിലാണ്. ചിലപ്പോഴൊക്കെ ഞങ്ങളുടെ സ്ത്രീകളെ ആക്രമിക്കുകയും ചെയ്യും—ഇയാൾ ഇങ്ങനെ പറയുന്നതിനിടയിലാണ് ഒരു പട്ടാള ട്രക്ക് വന്ന നിന്നത്. ഒരു ഇടപ്പാൾ തകർക്കുന്ന മട്ടിൽ ഒരു നിന്ന ടക്കിൽ നിന്നിറങ്ങിയ സൈനികർ കടക്കാരോട് എന്നെ ചൂണ്ടി ഇവൻ ആര് എന്ന ചോദിച്ചു. എനിക്കറിയില്ലെന്ന് പറഞ്ഞ് കടക്കാരൻ ഒഴിഞ്ഞുമാറി. ഇതോടെ പട്ടാളക്കാർ എന്റെ നേരെ തിരിഞ്ഞു. ചോദ്യങ്ങളായി. ശത്രുരാജ്യക്കാരനാണോ എന്നതാണ് പ്രധാനമായും അറിയേണ്ടത്. ഞാൻ കാര്യങ്ങൾ പറഞ്ഞു. വഴി തെറ്റിയാണ് ഇവിടെ എത്തിയതെന്നും പറഞ്ഞു. പെട്ടി തുറന്ന കാണിച്ചു കൊടുത്തു. ഞാൻ പറഞ്ഞത് പട്ടാളക്കാർ വിശ്വസിച്ചുവെന്ന തോന്നുന്നു. പ്രത്യേകിച്ചൊന്നും പറയാതെ അവർ തടഞ്ഞു. ഈ സമീപ സ്ഥലത്ത് നിന്നെ രക്ഷപ്പെടാനെന്നെ കരുതിയെങ്കിലും പ്രതിഷേധങ്ങളെ വലിയ സന്ദർഭങ്ങളിൽ നിലവിലുള്ള ശൈലിയനുസരിച്ച് ഞാൻ ഇറങ്ങുമ്പോൾ ഒരു ട്രക്ക് തിരികെ വന്നു. മഴക്കുള്ള തയ്യാറെടുപ്പോടെ ട്രക്ക് നിന്ന് വീണ്ടും തിരിച്ചു വന്നു. ഞാൻ അടങ്ങിക്കിടന്ന സ്ഥലത്ത് തന്നെ പതിഞ്ഞു നിന്നു. ടക്കിൽ നിന്ന് ഇറങ്ങി വന്ന പട്ടാളക്കാരൻ വിഷാദം നിറഞ്ഞ ചിരിയോടെ എന്നോട് ചോദിച്ചു: കൂടുകൾ ചിരിപ്പിക്കുന്ന സിനിമയുണ്ടോ സിനിമകളുടെ കയ്യിൽ. ഭാഗ്യത്തിന് ചാർലി ചാപ്ലിന്റെ 'ദി കിഡ്' എന്ന സിനിമ കൈവശമുണ്ടായിരുന്നു. അത്മമാതരെ ഭക്ഷത്തിനിടക്കാണ് ഭാഷ അറിയാത്ത, സംസാരിക്കാൻ ഇടയ്ക്ക് ട്രക്കിൽ കയറിയാണ് ഞാനവരുടെ ക്യാമ്പിലേക്കെത്തിയത്. ഈ ചിത്രം കണ്ട് ചിരിച്ചുമറിയുന്നതിന് എത്രയോ തവണ ഞാൻ സാക്ഷിയായിട്ടുണ്ടെന്നോ.

ധൈര്യത്തോടെ സൈനികനോട് പറഞ്ഞു: ഉണ്ട്. ഉടൻ അവസാനിക്കുന്നതുവരെ കൂടെ നിൽക്കേണ്ടി വരും എന്ന് പറഞ്ഞുകൊണ്ട് സൈനികർ കൂടി കയറാൻ നിർദേശിച്ചു. ഇങ്ങനെ വിർപ്പുമുട്ടുന്ന രീതിയിൽ ടൂറിങ് ടാക്കീസ് ആണ് ഉണ്ടായതെന്ന് യാത്ര ചെയ്തിട്ടില്ല.

സൈനിക ട്രക്ക് ഉന്നോട്ടു നീങ്ങവേ വണ്ടി ഓടിച്ചിരുന്ന സൈനികൻ പരിചയപ്പെട്ടു. സ്ഥിരമായ അവിടെയൊന്നും ഞങ്ങൾക്ക് പോകാൻ കഴിയില്ല എന്ന് പറഞ്ഞു. പട്ടാളക്കാരെ എല്ലാം പരിചയപ്പെട്ടു. ഞങ്ങൾ ഒരു പറ്റം പട്ടാളക്കാർ തങ്ങിയിരിക്കുന്ന ഒരു മലയുടെ തിരിവിലേക്കാണ് നീങ്ങിയത്. തിരിവിലായി അവിടെ വലിയൊരു താവളമുണ്ട്. വർഷത്തിൽ 365 ദിവസവും യുദ്ധം ചെയ്യുകയാണ് ഞങ്ങൾ. ദിവസം മുഴുവനും അവരുടെ ന്യായങ്ങൾ. ശത്രുരാജ്യത്തിന് അവരുടെ ന്യായങ്ങൾ, ഞങ്ങൾ പട്ടാളക്കാർക്ക് ഞങ്ങളുടെ ന്യായങ്ങൾ. ന്യായങ്ങളെ ഏറ്റുമുട്ടലാണ് സംഘട്ടനമെന്ന് പിന്നീട് ഒരവസരത്തിൽ അവർ ആവർത്തിക്കും—അയാൾ വാദിയ ചിരി യുമായി പറഞ്ഞു. അതിനിടയിൽ സൈന്യം ചില കരിയിരുട്ട് നിഴൽ വെച്ചവർക്ക് ചിലപ്പോൾ പട്ടാളക്കാർ കളിയാക്കി ഇല്ലാത്ത ആരോപണങ്ങൾ ഉണ്ടാക്കുമെന്ന പറഞ്ഞു. അവരുടെ അജ്ഞാത ഇടങ്ങളിൽ എന്നെ ഉപേക്ഷിക്കാം എന്നാണ് അവർ ആദ്യം കരുതിയതെന്ന് ഒരാളും പറഞ്ഞു. ഏറെ വിശ്രമിക്കാൻ ഞങ്ങൾക്ക് കഴിയുകയാണ്. എന്തിനേയും അവരുടെ സന്തോഷത്തിനു കാര്യം മാത്രമാണ് ശ്രദ്ധിക്കുന്നത്. അതിനോടൊപ്പം മഞ്ഞിലും മഞ്ഞ് വീഴുന്ന കൊടും തണുപ്പിലാണ് എന്ന് ഞങ്ങൾ ഉത്തരത്തിലുള്ള നായികമാർ ഒരുമിച്ചു പോയിരിക്കുന്നു. എല്ലാവരും തീർപ്പൊന്നും അനുഭവമില്ലാതെ വീണ്ടും പൂർവ്വ സ്ഥിതിയിലേക്കു കടക്കുമായിരിക്കും എന്നു കരുതിയാണ് ഈ പട്ടാളക്കാർ ചിരിച്ചും പാടിയും കഴിയുന്നത്. ഈ പട്ടാളക്കാർ ഇനി ചിരിക്കാൻ കഴിയാത്ത അവസ്ഥയിലെത്തിയിരിക്കുന്നു. പ്രിയ പട്ടാളക്കാർ ചിന്തിച്ചിരുന്നെങ്കിലും ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിലായി. ഈ പട്ടാളക്കാരുടെ ഞങ്ങൾ പാർക്കുന്ന ഇടത്ത് സിനിമകൾ കൊണ്ട് പട്ടാളക്കാരനോട് അറിഞ്ഞു. സൈനിക ക്യാമ്പിലെത്തിയ ഒരു നാലാം അദ്ധ്യായം പട്ടാള സൈനികർക്ക് ചില ഹാസ്യസിനിമകൾ കാണിക്കുന്നത് അത്യന്തം വിലപ്പെട്ടതാണെന്ന് കരുതിയിരുന്നു. ഈ ദിവസം പട്ടാളക്കാരിൽ പുതിയ ഉന്മേഷമുണ്ടാക്കും. ഇപ്പോൾ എന്നെക്കാൾ കൂടുതൽ വിഷമവും ഈ ഭടന്മാർക്ക് ഉണ്ട്. ഈ ഒരൊറ്റ സിനിമ കൊണ്ട് എന്റെ പെട്ടിയിലുള്ള ആ ചിത്രം അവരെ എന്തുമാത്രം സന്തോഷിപ്പിക്കുമെന്ന് എനിക്കറിയില്ലെങ്കിലും എന്റെ കടമ നിറവേറ്റാൻ ഞാൻ തീരുമാനിച്ചു—ആ പട്ടാളക്കാരൻ എന്നോട് പറഞ്ഞു.

ഞങ്ങൾ ക്യാമ്പിലെത്തുമ്പോൾ ഒരു പറ്റം പട്ടാളക്കാർ ക്യാമ്പിലും ക്യാമ്പിന്റെ ഗുണ്ടുകളിലുമായി വിശ്രമിക്കുകയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ ചിലർ എഴുന്നേറ്റ് വന്നു. മഞ്ഞുവീഴ്ച ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ഇടക്ക് വന്ന പട്ടാളക്കാരൻ ക്യാമ്പിന്റെ മേധാവിയായിരുന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ എന്നെ ഹാജരാക്കി. അയാൾ പേര് ചോദിച്ചു. എന്റെ വസ്തുവകകളെല്ലാം പരിശോധിച്ചു. പരിശോധിക്കേണ്ട എന്ന് മാത്രം പട്ടാളക്കാരനോട് പറഞ്ഞു. പരിശോധനയൊന്നുമുണ്ടായിട്ടില്ലെങ്കിലും എല്ലാം അരിച്ചുപെറുക്കി പരിശോധിച്ചിട്ടുണ്ടെന്ന് പട്ടാളക്കാരൻ ക്യാമ്പ് മേധാവിയോട് കള്ളം പറഞ്ഞു. അത്രയൊന്നും പരിശോധനയുടെ കാര്യം മനസ്സിലായില്ലെന്ന് പറഞ്ഞ് അയാളുടെ ഉദ്ദേശം പരിശോധിച്ച് നിൽക്കാതെ ക്യാമ്പ് മേധാവി അവിടെ നിന്ന് പോയി. ചരിത്രപരമായ രീതിയിൽ എന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കിയ പട്ടാളക്കാർ ഒഴിഞ്ഞ ടെന്റിലേക്ക് എന്നെ ആനയിച്ചു. കണ്ണോടു മാറ്റാതെ സിനിമാ പ്രദർശന സാധന സാമഗ്രികളെല്ലാം വിലമതിക്കാനാവാത്ത പ്രദർശനക്കാര്യങ്ങളെന്ന് ഞാൻ കരുതി. പത്താം നമ്പർ ക്യാമ്പ് ആണെന്ന് ഞാൻ മനസ്സിലാക്കി. ക്യാമ്പ് മേധാവി ഏറ്റവും നല്ല അഭിപ്രായത്തോടെ അയാൾ വന്ന് കാര്യങ്ങൾ അന്വേഷിച്ചു. മേധാവി അഭിപ്രായപ്പെട്ടു.

സൈനിക ക്യാമ്പിലെ കാന്റീനും മെസ് റൂമും അന്നാണ് ഞാൻ ആദ്യമായി കാണുന്നത്. കൊള്ളാം എല്ലാ ത്തിനും നല്ല അച്ചടക്കമുണ്ട്. പാത്രങ്ങൾക്കും ഗ്ലാസുകൾക്കും വരെ. ഹോട്ടലുകളിലും വീടുകളിലും കാണുന്നപോലെ യാതൊരു പാകതയില്ലെന്നിവ ക്രമമില്ലാതെയല്ല വെച്ചിരിക്കുന്നത്. ഉറക്കത്തിൽ വലിയ ഉണർച്ചയും വിമാനസ്ഥലങ്ങൾ വീണ്ടും തിളങ്ങിയതോ. ഒരു ഭാഗ്യമെന്ന് പറഞ്ഞ നാടുകൾക്ക് ഇനിയും വിചിത്രമാകാൻ കഴിയും എന്ന് മനസ്സിലായി. ഒരു രാത്രി കഴിഞ്ഞ് ഞാൻ സ്ക്രീൻ വലിച്ച് കെട്ടി. പ്രൊജക്ടർ തയ്യാറാക്കി. ഇതിനിടയിൽ ഞാൻ കണ്ട സിനിമ സൈനികരുടെ ആർപ്പുവിളികളിൽ പ്രൊജക്ടർ പ്രവർത്തിപ്പിക്കാനിറങ്ങി. ക്യാമ്പ് മേധാവി മാത്രമാണ് കസേരയിൽ ഇരുന്നത്. പട്ടാളക്കാർ ഉദ്യോഗസ്ഥർ ഒക്കെ നിലത്ത് തന്നെ ഇരുന്നു. അവരെല്ലാം ആവേശത്തിലായിരുന്നു. ആരും ശബ്ദമില്ലാതെ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ചിരി തുടങ്ങി. കാലം ഞാൻ കാണാതിരുന്ന ചിരി.

ചാപ്ലിൻ തകർത്ത് അഭിനയിക്കുകയാണ്. ചാപ്ലിൻ പൊട്ടിപ്പൊട്ടി ചിരിക്കുന്നു. ചാപ്ലിൻ തങ്ങളെ തമാശകളിലേക്ക് വലിച്ചിഴയ്ക്കുകയാണ് എന്ന് അവർ മനസ്സിലാക്കി. ഈ ചിരി അവരുടെ ഭയത്തെ ഇല്ലാതാക്കി. ക്യാമ്പ് മേധാവിയും ചിരിക്കുന്നുണ്ടായിരുന്നു. സിനിമ കാണുന്ന സൈനികർ എന്ന സംഭവം ഇങ്ങനെ സൈനികരുടെ സാധ്യമായിരിക്കാം. ഈ സിനിമ ഇതുവരെ കണ്ട ഏറ്റവും മനോഹരമായ ദൃശ്യം അവരുടെ ചിരി തന്നെയായിരുന്നു. ഇത്തരമൊരു സദസ്സിനെ മുന്നിൽ ഞാൻ സിനിമ പ്രദർശിപ്പിച്ചിട്ടില്ല. അത്രയധികം ചിരിച്ചു നിൽക്കുന്നവർ. ക്യാമ്പിലെ സ്ക്രീനിൽ നിന്നുയരുന്ന ശബ്ദം മതിമറന്നു. എന്റെ പ്രൊജക്ടറിലെ ഫിലിം ചുരുൾ ഒരോന്നും തീരുന്നതുവരെ ശബ്ദം നിറഞ്ഞ് നിന്നു.

ഭയന്ന വിറച്ച നോക്കവേ ഞാൻ കാണുന്നത് തോക്കേന്തിയ ഒരു സംഘം ഞങ്ങളിലേക്ക് വരികയാണ്. കടന്നുവരുന്ന സ്ഥലങ്ങളിലെ വെടിയൊച്ചകൾ അവരെ വെളിപ്പെടുത്തി. പൊടുന്നനെ ഞാൻ പ്രൊജക്ടർ ഓഫ് ചെയ്തു. പിന്നീട് വെടിയൊച്ചകൾ പരസ്പരം ഏറ്റുമുട്ടുകയായിരുന്നു. ഞാൻ പ്രദർശന സാമഗ്രികൾ ഉപേക്ഷിച്ച് ലക്ഷ്യമില്ലാതെ ഇരുട്ടിലേക്ക് ഓടാൻ തുടങ്ങി. ഓടുന്നതിനിടയിൽ തട്ടിത്തടഞ്ഞ് വീണു. വീണിടത്ത് നിന്ന് ഞാൻ ഉയരാൻ ശ്രമിച്ചു. ശരീരത്തിൽ നിന്ന് ചോര ഒലിക്കുന്നത് അറിയാനുണ്ട്. പട്ടിയെപ്പോലെ കിതക്കുകയും അണക്കുകയും ചെയ്യുന്നുണ്ട്. കാൽമുട്ട് പൊട്ടിയതിനാൽ കറച്ചകലത്തെപ്പോൾ ഇഴയാനും വയ്യാതായി. ഈഴയുന്നതിനിടയിൽ തറയിൽ ഉരസിയതിനാൽ നെഞ്ചിൽ നിന്നും ചോര ഒലിക്കുന്നുണ്ട്. ദൂരിലെ ഇരയെപ്പോലെ ഇതുവരെ ഒളിച്ചിരിക്കുകയായിരുന്ന മഞ്ഞിൽ ഞാൻ കിടന്നു. ഇളകിയ മണ്ണിന്റെ മണം ഉണർന്നു. ഇതിനിടയിൽ എങ്ങോട്ടേക്കും മഞ്ഞ് വീഴ്ചയായിരുന്നു. എന്റെ മുന്നിലേക്ക് തന്നെ എന്തോ തെറിച്ചു വീണിരിക്കുന്നു.

വെടിയൊച്ചകൾക്ക് അകമ്പടിയായി രൂക്ഷമായ ഗന്ധം പടർന്നു. എല്ലാത്തിനും മേലെ ചില ശബ്ദങ്ങൾ. ഭയം കാരണം ഒളിക്കുന്നത് എനിക്ക് ഉറപ്പായി. ചോര ഒലിക്കുന്നത് ഇതിനിടയിൽ നിന്നെന്ന് തോന്നി.

പുലർന്നപ്പോൾ വെടിവെപ്പ് ഇടതോറ എന്നായിരുന്നു ഭയം. എങ്ങിനെയെങ്കിലും ഇവിടെ നിന്നും രക്ഷപ്പെടാൻ മതി. മറ്റൊന്നും ഞാൻ ആലോചിച്ചില്ല. അപ്പോഴാണ് ഭദ്രമായ എന്റെ പെട്ടിയും പ്രൊജക്ടറുമൊക്കെ ഓർമ്മ വന്നത്. അത് തകർന്നാൽ പിന്നെ എങ്ങിനെ ജീവിക്കുമെന്ന ചോദ്യം എന്നിൽ നിന്നു തന്നെ ഉയർന്നു. സിനിമാ പെട്ടിയേക്കാൾ വലുത് ജീവനാണെന്ന് പെട്ടെന്ന് ഓർത്തു. ആരോഗ്യമുണ്ടെങ്കിൽ പിന്നെയും ജോലി ചെയ്ത് ജീവിക്കാം. ഇല്ലെങ്കിലോ? ചോദ്യം ഉത്തരവും ഞാൻ തന്നെ പറയേണ്ടതിനാൽ മറ്റൊന്നും ആലോചിക്കാതെ ഞാൻ കരുതി.

വെടിവെപ്പ് അകലേക്ക് അകലേക്ക് നീങ്ങുകയാണെന്ന തോന്നൽ. ഇപ്പോൾ അതിന്റെ ശബ്ദം നേരത്തെ കേട്ടതു അടുത്ത് നിന്നല്ല ഉയരുന്നത്. എന്തായിരിക്കും സംഭവിക്കുന്നത്. ക്യാമ്പിനെയാണ് ആക്രമണം ഉണ്ടായി എന്ന് മനസ്സിലാകുന്നത് മാത്രമേ കഴിഞ്ഞുള്ളു. ആര്, എന്തിന് എന്നീ ചോദ്യങ്ങൾക്ക് ഉത്തരമില്ല. ചിരിച്ചിരിക്കുന്ന ഒരവസ്ഥയിൽ ഇത്തരം കിട്ടാൻ തൽക്കാലം വഴിയില്ല.

നേരം പുലരുകയാണ്. അതിന്റെ അടയാളങ്ങൾ മാനത്ത് കണ്ട് തുടങ്ങി. വെളിച്ചത്തിന്റെ ആദ്യ കിരണങ്ങൾ മടിയോടെ ഭൂമിയിലേക്ക് പ്രവേശിക്കാൻ തുടങ്ങിയപ്പോഴാണ് എന്നെ ഞാൻ ശരിക്കും കാണുന്നത്. മണ്ണിൽ പുതഞ്ഞ് ശരീരത്തിലങ്ങിങ്ങായി മുറിവുകൾ. മുറിഞ്ഞു. പലയിടത്തും രക്തം പൊടിപ്പിച്ചു—ഇക്കാലത്തിനിടക്ക് ഒരിക്കലും ഇങ്ങിനെയൊരു ആപത്തിലായില്ല. പുതുക്ക എന്നിട്ട് നിന്നപ്പോൾ ശരീരത്തിന്റെ ഓരോ ഇഞ്ചും വേദനിക്കുകയാണ്. നടക്കാൻ ശ്രമിച്ചു വീഴുമെന്നായിരുന്നു. ഈ സിനിമ പ്രദർശിപ്പിച്ചിടത്ത് ഗ്രൗണ്ടിൽ നിന്ന് ഏറെ അകലെയല്ല കിടന്നിരുന്നതെന്ന് ബോധ്യമായത്. ഗ്രൗണ്ട് ഒരു കിടങ്ങിലേക്കിറങ്ങിനിന്നിരുന്നു. ഞാൻ തട്ടിത്തടഞ്ഞു വീണത്. രാത്രി മുഴുവനും കിടങ്ങിലായിരുന്നു. കിടങ്ങ് ചുറ്റുമായി നിർമിച്ചതായിരുന്നു. അതുകൊണ്ടാണ് ഇളകിയ മണ്ണിന്റെ മണം ഉയർന്നത്. ഗ്രൗണ്ടിൽ നിന്ന് കണ്ട രക്തം എല്ലാം ശേഖരിച്ച് വെച്ചിരുന്നതിനു ശേഷം സിനിമാസാമഗ്രികളും കറപ്പുമൊക്കെ കാട്ടിക്കൊണ്ടിരിക്കയായിരുന്നു. ഗ്രൗണ്ടിന്റെ ആസ്ഥലത്തുതന്നെ ക്യാമ്പ് മേധാവി തന്നെ ഉള്ളിലേക്ക് വരുകയായിരുന്നു. എപ്പോൾ വേണമെങ്കിലും അറ്റവിറവുന്നെന്ന നിലയിലാണ്. നടന്ന് തേടാനും വരുന്നു. സമീപമടുത്ത് അവിടെ പട്ടാളക്കാരുടെ ആരവും കേൾക്കുന്നു. ഇരുട്ടിൽ നിന്ന് രംഗം നേരിട്ട് കാണുന്ന നിസ്സഹായാവസ്ഥ. പട്ടാളക്കാർ പ്രവേശന കവാടത്തിലേക്ക് വന്നു. കാവൽ നിൽക്കുന്ന പട്ടാളക്കാർ എന്നെ ആദ്യം തിരിച്ചറിഞ്ഞു. തലേ ദിവസത്തെ സിനിമ ഡോർമെറ്ററിയിൽ പോയി കളിച്ച് ചിരിച്ച വിക്രമിക്കരെ അവർ നിരീക്ഷിച്ചു. എനിക്ക് പോകണമെന്ന പറഞ്ഞപ്പോൾ പെട്ടെന്ന പറ്റില്ലെന്നു ക്യാമ്പ് മേധാവി പറഞ്ഞു. ആവശ്യം വേണ്ട സംഗതികൾ പട്ടാളക്കാർ പറഞ്ഞു. ഇന്നലെ എന്നാണുണ്ടായതെന്ന് അവരോട് ചോദിച്ചു. എല്ലാം വിശദമായി പിന്നീട് പറയാമെന്നായി. അവസാനം ഞാൻ ഡോർമെറ്ററിയിൽ റൂമിലേക്കാണ് പറഞ്ഞു. ഡോർമെറ്ററിയിൽ പട്ടാളക്കാർ നിറഞ്ഞിരിക്കുന്നു. ചിലർ കളിക്കാൻ കാർഡ്, മറ്റു ചിലർ കളി കഴിഞ്ഞ് വസ്ത്രം മാറ്റുന്നു. എന്നെ കുട്ടികളെന്ന വണ്ണം പട്ടാളക്കാർ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടതോടെ എനിക്ക് സമാധാനമായി. എന്നിട്ട് അടുത്ത് ചെന്ന് ഇന്നലെ എന്താണ് സംഭവിച്ചതെന്നാരാഞ്ഞു. അതെന്ന തീവ്രവാദി ആക്രമണമായിരുന്നു. 50 പേരടങ്ങുന്ന സംഘം. നമ്മുടെ പൂപ്പെക്ക് മരിച്ചു. അവർ രു പുറപ്പെടേണം. 20 പേരെ ജീവനോടെ പിടികൂടിയിട്ടുണ്ട്. അയാൾ പതിവു സംഭവം എന്ന മട്ടിൽ പറഞ്ഞു. ഏവിടെയാണ് അവരെ കെട്ടിയിട്ടിരിക്കുന്നത്? നിലവറയിൽ, ഭാവദേഭേദമില്ലാതെ അയാൾ പറഞ്ഞു. ഇവിടെ നിലവറയുണ്ടോ? സൈനിക ക്യാമ്പുകൾക്കെല്ലാം ഭൂഗർഭ അറകളുണ്ടാകും എന്നറിയില്ലേ—അയാൾ ചോദിച്ചു. ഇല്ല, ആദ്യമായാണ് ഞാൻ സൈനിക ക്യാമ്പ് കാണുന്നതെന്ന് ഞാൻ പ്രതികരിച്ചു. അവരെ ഇനി എന്ത് ചെയ്യും. അതെല്ലാം ക്യാമ്പ് മേധാവി നിങ്ങളെ കാണണമെന്നും പറഞ്ഞിട്ടുണ്ട്. ക്യാമ്പ് മേധാവി തന്നെ എന്നോട് തീവ്രവാദികളെ ആക്രമിച്ചതിൽ പട്ടാളക്കാരോട് കുതറിയ ജയിക്കാൻ സാധിച്ചത് തന്റെ കഴിവല്ലെന്നും ഓർക്കാൻ സാധിക്കില്ലെന്നും തീവ്രവാദികളെ കൊണ്ടുവരാൻ പട്ടാളക്കാരോട് കല്പിക്കുമെന്നും പറഞ്ഞു. അദ്ദേഹത്തോട് അതെന്താണ് എന്തിന് ഇങ്ങിനെയൊക്കെ എന്നും ചോദിച്ചില്ല. ജനാധിപത്യരീതിയുണ്ടായി ഈ യുദ്ധവും പൂർണമായും വാസ്തവം കൂടി.

കഴിഞ്ഞ രാത്രി ആക്രമിച്ച തീവ്രവാദി സംഘത്തിൽപ്പെട്ട മറ്റൊരു ഉച്ച രോമ്പാതിരക്കൽ ക്യാമ്പിൽ നിന്ന് സൈന്യം കടെ തടിക്കൊണ്ടു പോയി വധിച്ചു കാര്യം പട്ടാളക്കാർ എന്നോട് പറഞ്ഞു. ഇക്കറിയും അതായിത്തന്നെ അവരുടെ ലക്ഷ്യം. കഴിഞ്ഞ തവണ തടിക്കൊണ്ടു പോയ സൈനികർക്കിടയിൽ അതിർത്തിയിൽ വ്യാപകമായ തീപ്പിടി നടത്തിയിരുന്നു. അവസാനം മഞ്ഞുവീണ കിടക്കുന്ന മലനിരകൾക്ക് ദൂരെയായ ഒരിടത്ത് പലയിടത്തായി വെട്ടിയിട്ട നിലയിൽ ഉടലുകൾ കണ്ടെത്തുകയായിരുന്നു. എന്റെ ഏറ്റവും അടുത്ത ചങ്ങാതിയുടെ വെട്ടിയെടുത്ത തല മഞ്ഞിൽ പുളിവെച്ചിരുന്നു. കാലുകൾ ഒരിടത്തും കൈകൾ മറ്റൊരിടത്തും. മഞ്ഞിൽ കിടന്നതിനാൽ ദിവസങ്ങളോളം കഴിഞ്ഞ് കിട്ടിയ അവയവങ്ങൾ ചീഞ്ഞിരുന്നില്ല. പതിനാലു പേരെയാണ് അന്നവർ മഞ്ഞു കഴിയിൽ ദിവസങ്ങളോളം ഇട്ടു കൊന്നത്. തമിഴ്പ്പെൺകുട്ടിയുടെ അവയവങ്ങൾ വെട്ടിപ്പെട്ടിയ മഞ്ഞുമലയിൽ പലയിടത്തായി വിതറി. പെറുക്കിയെടുത്ത് ഇനി ഭാഗങ്ങൾ കൂട്ടിയെടുത്ത് ഉറവുകൾ കാത്തിരുന്നവരുടെ വീടുകളിലേക്ക് അയച്ചു—അയാൾ കിതച്ചുകൊണ്ട് പറഞ്ഞു.

ഏതായാലും നിങ്ങൾ പോയി ക്യാമ്പ് മേധാവിയെ കാണൂ. പട്ടാളക്കാരൻ നിർദേശിച്ചു. ഉറക്കച്ചടവ് മാറ്റാൻ മുഖം നനയ്ക്കാൻ കഴിഞ്ഞില്ല. ആയുധം അണിഞ്ഞ് ഞാൻ മേധാവിയെക്കാണാൻ പോയി.

എന്നെ പോകാൻ അനുവദിക്കണമെന്ന് അദ്ദേഹത്തോട് അഭ്യർഥിച്ചു. സിനിമ പ്രദർശനം പൂർത്തിയായില്ലല്ലോ, അതിനാലും പോകാമെന്നായി അയാൾ. വെടിയൊച്ചകൾക്കിടയിൽ, ഭയന്ന വിറച്ച കഴിയുന്ന എന്നെപ്പോലെ ഒരു പാവത്തിനെ മരണങ്ങളുമാണന്ന് അദ്ദേഹത്തെ ധരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അതൊന്നും ഏശിയില്ല. തൽക്കാലം നിങ്ങൾ ഭക്ഷണം കഴിച്ച് വിശ്രമിക്കുക. പോകാനാകുമെന്ന് ഞാൻ പറയാം. ഗ്രൗണ്ടിൽ കിടക്കുന്ന സാധനങ്ങൾ തകരാതെ അവിടെ എടുത്തു വെച്ചിട്ടുണ്ട്. ഇന്ന് വൈകിട്ട് പ്രദർശനം തുടരാം. അതിന് ശേഷം അദ്ദേഹം പറഞ്ഞു. തുടർന്ന് പട്ടാളക്കാരെ നിരീക്ഷിക്കാൻ പോയി. ഇന്ന് പകൽ പ്രദർശനം വെക്കുന്നില്ലെന്നും വൈകിട്ട് വെച്ചാൽ മതിയെന്നും ക്യാമ്പ് മേധാവി അറിയിച്ചു.

ക്യാമ്പിലേക്ക് കൂട്ടിക്കൊണ്ടുവന്ന പട്ടാളക്കാരൻ എന്നെ ആശ്വസിപ്പിച്ചു. പറ്റിപ്പോയ ഗ്രാന്തമായ ശേഷം നിങ്ങളെ സുരക്ഷിതമായി തിരിച്ചയക്കാമെന്ന് അദ്ദേഹം കരുതിയിരിക്കും. കറുപ്പിലും പുകപ്പ് കാശിനിടയാൻ കാണുന്ന ഭരണാധികാരികളുടെ ഉത്തരവാദിത്തം എന്തെന്ന് മനസ്സിലാക്കിയത് അന്നാണ്. ആ പട്ടാളക്കാർ പറഞ്ഞതോടെയാണ് എനിക്ക് ആശ്വാസമായത്. കോടതിവാതിൽ രൂപംകൊണ്ട നിയമങ്ങൾക്ക് ഇടം എന്തുകൊണ്ട് ഭൂമിയിൽ ഇല്ലെന്ന് ചോദിക്കാൻ തോന്നി. ഇവിടെ കൂട്ടത്തോടെ ദൈവത്തെ എന്ന ഭയന്ന് ഇടവേളകളില്ലാതെ ജീവിക്കുകയാണിവർ.

ക്യാമ്പിലേക്ക് കൂട്ടിക്കൊണ്ടുവന്ന പട്ടാളക്കാരൻ എന്നെ ആശ്വസിപ്പിച്ചു. പൂർവ്വസ്ഥിതി ശാന്തമായ ശേഷം നിങ്ങളെ സുരക്ഷിതമായി തിരിച്ചയക്കാമെന്ന് അദ്ദേഹം കരുതിയിരിക്കും. അതുവരെയുള്ള പട്ടാളക്കാരുടെ ആനന്ദിപ്പിക്കാൻ വന്ന ഒരാളെ സംരക്ഷിക്കാൻ അദ്ദേഹത്തിന് ബാധ്യതയുണ്ട്. അതിനാൽ കാത്തിരിക്കുക—പട്ടാളക്കാരൻ സിനിമകളിലെ നായകൻ കാത്തുകഴിയുന്ന ഉപദേശിക്കുന്ന പോലെ ഉദ്ദേശിച്ചു. നിലവറകളിൽ കഴിയുന്നവരെ നീ എന്താണ് ചെയ്യുക—ഞാൻ ചോദിച്ചു. അവർക്ക് ഭക്ഷണവും വെള്ളവും കൊടുക്കുന്നില്ല. കറച്ചുദിവസം അങ്ങിനെയിടാനാണ് പറഞ്ഞിരിക്കുന്നത്. ഇടർന്നുള്ള ശിക്ഷ അദ്ദേഹം തീരുമാനിക്കും—പട്ടാളക്കാരൻ പറഞ്ഞു. അവരെ കാണാൻ പറ്റുമോ? ആകാംക്ഷ അടക്കാനാകാതെ ഞാൻ ചോദിച്ചു. ഇല്ല, നിലവറയിൽ അദ്ദേഹവും അംഗരക്ഷകരുമൊഴിച്ച് മറ്റാരും പ്രവേശിക്കേണ്ടതില്ലെന്നാണ് രവുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ചൊന്നും ഉറക്കം കളയാതിരിക്കുക. ഭക്ഷണം കഴിച്ച് വിശ്രമിക്കുകയോ ഉറങ്ങുകയോ ചെയ്യുക. പട്ടാളക്കാരൻ പറഞ്ഞു. അയാൾ സംസാരിക്കുകയാണ് ആരോടും ബന്ധപ്പെടാൻ ഒന്നും മറിഞ്ഞു അത്രയും മനസ്സിലാക്കുമ്പോഴേക്കും എന്റെ വ്യക്തിത്വം ആ നിമിഷം നിന്നുപോയി. ആ വാചകങ്ങൾ ഞാൻ ആ പാട്ടിനോട് തീരെ പൊരുത്തപ്പെടുമെന്ന് എനിക്കാരും വിളിക്കാനില്ല. മൗനവും ഇടങ്ങളിൽ പല അന്വേഷണങ്ങളും അയാളുടെ മനസ്സിലുണ്ടെന്ന് എനിക്ക് തോന്നി. അതിനാൽ ഞാൻ പാടിച്ച് പാടി ചുണ്ടുകളിൽ വെച്ചു.

ദിവസങ്ങളോളം ഭക്ഷണം കഴിച്ചും വിശ്രമിച്ചും ഉറങ്ങിയും കഴിഞ്ഞുപോന്നു. ഇങ്ങിനെയുള്ള ദിവസങ്ങൾ മുമ്പൊരിക്കലും ജീവിതത്തിലുണ്ടായിട്ടില്ലാത്തതാണ്. കൂട്ടുതരാൻ ആരും ഇല്ലാത്തതിനാൽ ദിവസങ്ങൾ ഏകാന്തമായി ഓരോ ദിവസവും ഒരു തരം മടിപ്പ് ബാധിച്ച് തുടങ്ങിയിരിക്കുന്നു. ദിവസങ്ങൾ എണ്ണി കഴിഞ്ഞുപോയിരിക്കെയാണ് നിശ്ചയിച്ചു ഒരു ദിവസം രാവിലെ മേധാവി വിളിപ്പിച്ചു. അന്ന് മുഴുപ്പിക്കാൻ പറ്റാത്ത സിനിമ ഇന്ന് രാത്രി വീണ്ടും പ്രദർശിപ്പിക്കണം—അത് കഴിഞ്ഞ് നാളെ രാവിലെ നിങ്ങൾക്ക് പോകാം. മേധാവി പറഞ്ഞു. ആശ്വാസത്തോടെ ആത്തൊരാരത്തിയായി ഞാൻ തല കനിച്ച് നിന്നു. നാളെ രാവിലെ വീണ്ടും പഴയ ജീവിതത്തിലേക്കിറങ്ങാമല്ലോ. പല നാടുകൾ, പല തരം മണ്ണിന്റെ മണങ്ങൾ ആസ്വദിക്കാം. പെട്ടെന്ന് ഒരുണർവ് എന്നെ പൊതിയുന്നതായി തോന്നി. ഡോർമെറ്ററിയിൽ മടങ്ങിയെത്തി പ്രൊജക്ടർ ഇറക്കി ഇപ്പെടുത്തി പരിശോധിച്ചു. സിനിമയുടെ റീലുകൾ ചുറ്റി വെച്ചു സൂക്ഷിച്ചു. അപ്പോഴാണ് അന്നത്തെ സംഭവത്തിനു ശേഷം സാധനസാമഗ്രികൾ എടുത്ത കൂട്ടത്തിൽ സ്ക്രീൻ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം മനസ്സിലായത്. അപ്പോൾ തന്നെ എന്നിട്ട് അന്വേഷിച്ചെങ്കിലും കാണാൻ കഴിഞ്ഞില്ല. എന്നാൽ പ്രദർശനമുള്ളതിനാൽ അദ്ദേഹം ഉച്ചഭക്ഷണം കഴിച്ച് പരിശോധിച്ചപ്പോഴാണ് ക്യാമ്പിലേക്ക് എന്നെ കൊണ്ടുവന്ന പട്ടാളക്കാരനെ ഡോർമെറ്ററിയിലും പുറത്തും തിരഞ്ഞുനോക്കിയെങ്കിലും കണ്ടില്ല. യാത്ര ചെയ്യാനുള്ള ഉദ്ദേശം സിനിമകളിൽ ഓളം തള്ളുന്നത്. വാഹനങ്ങളിൽ വളഞ്ഞുപുളഞ്ഞുള്ള യാത്രകൾ നാളെ മുതൽ ഉണ്ടാകുമല്ലോ എന്ന ആഹ്ലാദം എനിക്ക് പുളകം തന്ന പോലെ തോന്നുകയാണ്.

വൈകുന്നേരം നാലുമണിയോടെ പട്ടാളക്കാർ കൂട്ടത്തോടെ ഗ്രൗണ്ട് ലക്ഷ്യമാക്കി പോകുന്നത് കണ്ടു. എന്നെ ക്യാമ്പിലെത്തിച്ച പട്ടാളക്കാരനും അവരുടെ കൂട്ടത്തിലുണ്ട്. ഗ്രൗണ്ടിലേക്ക് പോരാൻ അയാൾ ആംഗ്യം കാട്ടി. ഓടി അയാൾക്കൊപ്പം കൂടി എന്താണ് സംഭവമെന്ന് ചോദിച്ചു. അങ്ങടി നിന്ന് എല്ലാം കണ്ട് കൊള്ളണമെന്നും ചോദ്യങ്ങൾ പാടില്ലെന്നും അയാൾ അടക്കിപ്പിടിച്ച സ്വരത്തിൽ പറഞ്ഞു. ഇപ്പോൾ പട്ടാളക്കാർ ഗ്രൗണ്ടിന ചുറ്റും നിൽക്കുകയാണ്. മൈതാനത്തിന്റെ ഒരു വശത്ത് എന്റെ സിനിമാസ്ക്രീൻ കഴപ്പില്ലാതെ നിൽക്കുന്നുണ്ട്. ഗ്രൗണ്ടിന്റെ മധ്യഭാഗത്ത് അല്പം ഉയർത്തികെട്ടിയ തട്ടുണ്ട്. ഒരു ചങ്ങലിയുള്ള വേദിപോലെ തട്ട് ഒഴിച്ചിട്ടിരിക്കുകയാണ്. പൊടുന്നനെ ഞങ്ങൾ നിൽക്കുന്നതിനിടയിലൂടെ മുകൾ ഭാഗം തുറന്ന ഒരു സൈനികട്രക്ക് കടന്ന വന്നു. ചങ്ങലയിൽ ബന്ധിച്ച എല്ലും തോലുമായി നിൽക്കാൻ കെൽപ്പില്ലാത്ത കറച്ച പേരാണ് ട്രക്കിന്റെ തുറന്ന ഭാഗത്തുള്ളത്. ട്രക്ക് ഡ്രൈവർക്കടുത്ത് മേധാവി ഇരിപ്പുണ്ട്. വാഹനം പതുക്കെ പോകുന്നതിനാൽ ചങ്ങലയിൽ ബന്ധിച്ചവരെ പെട്ടെന്ന് എണ്ണിനോക്കി. ഇരുപതു പേർ. നിങ്ങൾ പറഞ്ഞ നിലവറയിൽ കെട്ടിയിട്ട തീവ്രവാദികളാണോ ഇവരെന്ന് ഞാൻ പട്ടാളക്കാരനോട് ചോദിച്ചു. അതെ, അയാൾ താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു.

ഭക്ഷണവും വെള്ളവും കൊടുക്കാത്തതിനാലായിരിക്കണം ഇവർ ഇങ്ങിനെ ശോഷിച്ചത്. ട്രക്ക് മൈതാനമധ്യത്തിൽ നിർത്തി. ഒരു പറ്റം പട്ടാളക്കാർ മുന്നോട്ടു നീങ്ങി. എല്ലും തൊലിയുമായ മനുഷ്യരെ ട്രക്കിൽ നിന്നിറക്കി. ഒരാളെ തട്ടിൽ കയറ്റി നിർത്തി. അയാൾ അതിൽ നിന്ന് താഴേക്ക് ചാടാൻ ശ്രമിക്കുന്നതിനിടെ ഒരു പട്ടാളക്കാരൻ വെടിവെച്ചു. അയാൾ ആ തട്ടിൽ മരിച്ചുവീണു. ബാക്കിയുള്ളവരേയും ഇതേ പോലെ വധിച്ചു. ഒരു ജഡത്തിനുമേൽ മറ്റൊരു ജഡം വീണ കൊണ്ടിരുന്നു. ജഡങ്ങൾ തട്ടിൽ ചെരിഞ്ഞ ഗോപുരം പോലെ തോന്നിച്ചു.

ഒന്ന ഞരങ്ങാൻ പോലും കഴിയാതെയാണ് ഓരോരുത്തരും മരിച്ചതെന്ന് അല്പം അകലെ നിന്നാണെങ്കിലും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ചോര ഉറച്ചുപോയപോലെയായി ഞാൻ. തട്ടിനടുത്തുള്ള പട്ടാള സംഘം പിൻവാങ്ങി. തുടർന്ന് വാളുകളുമായി മറ്റൊരു പറ്റം സൈനികർ തട്ടിനടുത്തേക്ക് നീങ്ങി. ഓരോ ജഡത്തിന്റേയും തലയും മറ്റ് അവയവങ്ങളും മുറിച്ച് മാറ്റി. പ്രത്യേകിച്ച് ഭാവഭേദമൊന്നുമില്ലാതെയാണ് സൈനികർ ഇതെല്ലാം ചെയ്യുന്നത്. നേരത്തെ തീരുമാനിച്ചപോലാണ് പട്ടാളക്കാർ ചെയ്യുന്നതെന്ന് അവരുടെ നീക്കങ്ങളിൽ നിന്ന വ്യക്തമായിരുന്നു. എല്ലാം അച്ചടക്കത്തോടെയാണ് അവർ ചെയ്ത തീർക്കുന്നത്. ഒരു കർഷകൻ വെള്ളം തേവുമ്പോൾ മുഖം എങ്ങിനെയിരിക്കുമോ അതേ മട്ടാണ് സൈനികർക്ക്. പെട്ടെന്ന് കൂട്ടത്തിൽ സൈനികടക്കുകൾ മൈതാനത്തിലേക്ക് വന്നു. അവർ മൈതാനത്തിന്റെ പകതിയോളം ടക്കിൽ നിറച്ചകൊണ്ടു വന്ന ഹിമക്കട്ടകൾ വിതറി. ക്യാമ്പിലും പരിസരങ്ങളിലും അന്ന് മഞ്ഞ് പെയ്യിരുന്നില്ല. അതിനാൽ തൊട്ടടുത്ത് മഞ്ഞുവീഴുന്ന സ്ഥലങ്ങളിൽ നിന്നും കൊണ്ടു വന്നതായിരിക്കണമത്. സൂര്യൻ ശക്തി കറവായിരുന്നതിനാൽ മഞ്ഞ് അലിയാതെ നില്ക്കുമായിരിക്കും എന്ന് ഞാൻ കരുതി. സൈനികരും ടക്കുകളും പിൻവാങ്ങിയപ്പോൾ മൈതാനത്തിന്റെ പകതിയോളം മഞ്ഞു വീണ പർവ്വതനിരയായി പരിവർത്തനപ്പെട്ടിരുന്നു. പെട്ടെന്നാണ് മറ്റൊരു പറ്റം പട്ടാളക്കാർ മഞ്ഞിൽ കുഴിയെടുത്ത് ഉടലുകൾ അതിൽ കത്തനെ നിർത്തിയത്. മറ്റൊരു സംഘം ഇരുപതു തലകൾ കൃത്രിമ മഞ്ഞ മലയിൽ പലയിടങ്ങളിലായി കത്തി നിർത്തി. മറ്റൊരു സംഘം കൈകളും കാലുകളും കൊണ്ട് ഗോൾ പോസ്റ്റ് മാതൃകകൾ തീർത്തു. മഞ്ഞുമലയിൽ മുളച്ചുപൊന്തുന്നെ മട്ടിൽ തലകൾ നിൽക്കുന്ന കാഴ്ച എല്ലാവരും കാണെ സൂര്യൻ പിൻവാങ്ങി. ഇരുട്ട് പരന്നു.



സിനിമ പ്രദർശിപ്പിക്കാൻ എനിക്കുത്തരവ് കിട്ടി. കൃത്രിമ മഞ്ഞ മലയെ അഭിമുഖീകരിച്ചാണ് സ്ക്രീൻ കെട്ടിയിരിക്കുന്നത്. സിനിമയിലെ കൂടുതൽ വെളിച്ചമുള്ള ദൃശ്യങ്ങൾ സ്ക്രീനിൽ പതിയുമ്പോൾ മഞ്ഞു മലയിൽ കത്തിനിർത്തിയിരിക്കുന്ന തലകളും മറ്റ് അവയവങ്ങളും സ്ക്രീനിൽ പിന്നിൽ നിന്ന് നിഴൽ വീഴ്ത്തിക്കൊണ്ടിരുന്നു. സിനിമയിൽ ചാപ്ലിനും കട്ടിയും നടക്കുന്ന ദൃശ്യത്തിന് നടുവിൽ രണ്ടു തലകൾ എത്തി നോക്കുന്നതു പോലെ തോന്നിയത് എന്നെ ഭയപ്പെടുത്തി. ചാപ്ലിൻ ആ തലകൾ കാണുമോ എന്ന പേടിയും എനിക്കുണ്ടായി. ചാപ്ലിൻ കഴിഞ്ഞ തവണത്തെപ്പോലെ പട്ടാളക്കാരെ നിരന്തരമായി ചിരിപ്പിച്ചു കൊണ്ടിരുന്നു. അവരുടെ ചിരികളിൽ നിന്ന് കാട്ടുപോത്തുകൾ ഇറങ്ങി വരുകയാണോന്ന് ഞാൻ സംശയിച്ചു. അകലെ നിന്ന് ക്യാമ്പ് ലക്ഷ്യമാക്കി വീണ്ടും വെടിവെപ്പുണ്ടാവുമോ എന്നും ഞാൻ ഭയന്നു. പ്രദർശനം കഴിഞ്ഞ് സ്ക്രീൻ അഴിച്ചെടുക്കാൻ ധൈര്യമുണ്ടായിരുന്നില്ല. കത്തി നിർത്തിയ തലകൾ എന്നെ പേരെടുത്ത് വിളിക്കുമോ എന്ന ഭയം വേട്ടയാടുന്നുണ്ടായിരുന്നു. ഉറക്കം കിട്ടിയില്ല. അതിരാവിലെ പോകണമെന്ന് ഉറപ്പിച്ചിരിക്കുകയാണ്. പോകും മുമ്പ് ക്യാമ്പ് മേധാവിയെ കാണുകയും വേണം. അത്രയും രാവിലെ അദ്ദേഹം ഉണരുമോ എന്നെനിക്കറപ്പില്ല. ഏതായാലും പരമാവധി നേരത്തെ പോവുക തന്നെ വേണം. അതിരാവിലെ കുളിച്ചൊരുങ്ങി അദ്ദേഹത്തെ കാണാൻ ചെന്നു. കറങ്ങുന്ന കസേരയിലിരുന്ന് വാക്കിടോക്കിയിൽ അദ്ദേഹം ആരുമായോ സംസാരിക്കുകയാണ്.

എന്നെ കണ്ടതും മേധാവി സംസാരം നിർത്തി. എണീറ്റ് വന്ന് കൈ തന്നു. പോക്കറ്റിൽ നിന്ന നോട്ടുകളും. പട്ടാളക്കാർക്ക് ആനന്ദത്തിന്റെ ചെറിയ ഇടവേളകൾ സമ്മാനിച്ചതിനാണ് ഈ പണം. ഇവിടെ നടന്നതും കണ്ടതും കേട്ടതുമെല്ലാം വെറും സിനിമാക്കഥ. അതിന പ്പുറത്ത് ഇതിനൊന്നും വ്യാഖ്യാനമില്ല. സൈനികർക്ക് ആത്മവിശ്വാസം പകരാൻ ഇത്തരം നടപടികൾ അനിവാര്യമാണ്. ഊമയെപ്പോലെ തലയാട്ടി ഞാൻ എല്ലാം കേട്ടു കൊണ്ടു നിന്നു. സൈനിക ടക്കിൽ സുരക്ഷിതകേന്ദ്രത്തിൽ എത്തിക്കുമെന്നും അവിടെ നിന്ന് തുടർന്നുള്ള യാത്ര ഇഷ്ടംപോലെയാകാമെന്നും അയാൾ പറഞ്ഞു.

ഈ സംഭവത്തിനുശേഷവും പലയിടത്തും ഞാൻ സിനിമകൾ പ്രദർശിപ്പിച്ചു. ഇപ്പോഴും അതു തന്നെ തുടരുകയാണ്. എനിക്ക് ഇന്നും അതിനെങ്ങിനെ സാധിക്കുന്നു എന്നായിരിക്കും നിങ്ങൾക്ക് ചോദിക്കാനുണ്ടാവുക. ജീവിതമല്ലേ സുഹൃത്തുക്കളേ. പക്ഷേ, ഒന്നുണ്ട്, പിന്നീട് ഒരിക്കലും മഞ്ഞുപെയ്യുന്ന ദേശങ്ങളിലോ അതിർത്തിപ്രദേശങ്ങളിലോ സൈനിക ക്യാമ്പുകളിലോ ഞാൻ സിനിമയുമായി പോയിട്ടില്ല. മഞ്ഞുപെയ്യുന്ന എന്ന് കേട്ടാൽ തന്നെ ഭയം വന്ന നിറയുകയാണ്.

അപൂർവമനുഷ്യരുടെ ആത്മകഥകൾ കേട്ടെഴുതുന്ന ഒരാൾ എന്നെത്തേടി വന്നപ്പോൾ പറഞ്ഞിട്ടുണ്ട്. അയാളോട് ഇതൊക്കെത്തന്നെ ആവർത്തിക്കേണ്ടി വരും. എന്റെ ആത്മകഥയും ചരിത്രപുസ്തത്തിന്റെ മടക്കുകളിൽ ഇടം തേടട്ടെ. നാളെ ആർക്കെങ്കിലും അത് സിനിമയാക്കണമെന്ന് തോന്നിയാലോ.

□

വി. മുസഫർ അഹമ്മദ്

25 വർഷം പത്രപ്രവർത്തകൻ. മാധ്യമം, മലയാളം ന്യൂസ് (ജിദ്ദ) പത്രങ്ങളിൽ. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സ്വദേശി. യാത്രാവിവരണത്തിന് 2010-ൽ 'മരുഭൂമിയുടെ ആത്മകഥ'ക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം. കെ. വി. സുരേന്ദ്രനാഥ് പുരസ്കാരം (മരുമരങ്ങൾ), കമലാ സുരയ്യ പ്രതിഭാ പുരസ്കാരം (മരുഭൂമിയുടെ ആത്മകഥ) എന്നിവയും ലഭിച്ചു. കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോയായിരുന്നു. മരുഭൂമിയുടെ ആത്മകഥ കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിരുദ വിദ്യാർത്ഥികൾക്ക് പാഠപുസ്തകമായിരുന്നു. അറേബ്യൻ മരുഭൂ യാത്രകളുടെ ഇംഗ്ലീഷ് പുസ്തകം 'ക്യാമൽസ് ഇൻ ദ സ്കൈ' ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ് ഇന്ത്യ പ്രസിദ്ധീകരിച്ചു.

ചിത്രീകരണം: അഷ്റഫ് മുഹമ്മദ്

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014